(ബി) അനുവദിച്ച ഫണ്ട് ഏതെല്ലാം സ്കൂളുകൾക്കാണ് നൽകിയിട്ടുള്ള തെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഫണ്ട് ഏതെല്ലാം ഭൗതിക സൗകര്യങ്ങൾ വികസിപ്പി ക്കുന്നതിന് വേണ്ടിയാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) ക്ലസ്റ്റർ റിസോഴ്സ് സെന്റർ, ക്ലാസ്സ് മുറികൾ, ചുറ്റുമതിൽ, ടോയ്ലറ്റ്, കുടിവെള്ള പദ്ധതി, ഇടഭിത്തി വൈദ്യുതീകരണം എന്നീ നിർമ്മാണ പ്രവർത്തന ങ്ങൾക്കുവേണ്ടിയാണ് ഉപയോഗിച്ചിട്ടുള്ളത്. കൂടാതെ 50,000 രൂപ ടീച്ചർ ലേർണിംഗ് എക്യുപ്മെന്റ് ഗ്രാന്റായും, 5,000 രൂപ മെയിന്റനൻസ് ആന്റ് റിപ്പയറിംഗ് ഗ്രാന്റായും. 2,000 രൂപ സ്കൂൾ ഗ്രാന്റായും ഓരോ സ്കൂളിനും അനുവദിച്ചു.

സ്കൂളുകളിലെ ഓലഷെഡ്ഡുകൾ മാറ്റുന്നതിന് നടപടി

36 [2253] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിൽ ഓല ഷെഡ്ഡിൽ പ്രവർത്തിക്കുന്ന സ്കൂളു കളുടെ പേര് പഞ്ചായത്ത് തിരിച്ച് വെളിപ്പെടുത്തുമോ:

(ബി) പ്രസ്തുത ഓല ഷെഡ്ഡുകൾ മാറ്റി നിർമ്മിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ; ചാത്തമംഗലം ഗ്രാമ പഞ്ചായത്തിലെ നായർകുഴി ഗവ. ഹൈസ്കൂളിലെ ഓലഷെഡ്ഡുകൾ മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് പി.ടി.എ.-യുടെ പരാതി ലഭിച്ചിട്ടുണ്ടോ:

(സി) എങ്കിൽ പരാതിയിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ:

(ഡി) നായർകുഴി ജി.എച്ച്.എസ്.-ലെ ഓലഷെഡ്ഡുകൾ എന്നേക്കുമാറ്റി സ്ഥാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1. ഓമശ്ശേരി പഞ്ചായത്ത് ഗവ. എൽ.പി. സ്കൂൾ, ചാത്തനണ്ണകോട്ട്.
2. കുറുവട്ടൂർ പഞ്ചായത്ത് എ.എൽ.പി. സ്കൂൾ, പുല്ലൂർ നോർത്ത്.
3. കുന്നമംഗലം പഞ്ചായത്ത് എ.യു.പി. സ്കൂൾ. കുന്നമംഗലം (ഈസ്റ്റ്), എ.എൽ.പി. സ്കൂൾ, പെരുവഴിക്കടവ്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് ഓലഷെഡ്ഡുകളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്കൂൾ കെട്ടിടങ്ങളും അടുത്ത അദ്ധ്യയന വർഷാരംഭത്തിന് മുമ്പ് (2005-06) സ്ഥിരം/അർദ്ധ സ്ഥിരം കെട്ടിടങ്ങളാക്കി മാറ്റാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. നായർകുഴി ജി.എച്ച്.എസ്.-ലെ പി.ടി.എ.-യുടെ പരാതി ലഭിച്ചിട്ടുണ്ട്.

(സി) നായർകുഴി ഗവ. ഹൈസ്കൂളിൽ നാല് ഓലഷെഡ്ഡ് ക്ലാസ്റൂമിന് പകരം എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് നാല് ക്ലാസ്സ് മുറികളും, എം.പി. ഫണ്ട് ഉപയോഗിച്ച് രണ്ട് ക്ലാസ് മുറികളും ഉൾപ്പെടെ ആറ് ക്ലാസ് മുറികളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ ജില്ലാ പഞ്ചായത്ത് നോൺ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മൂന്ന് ക്ലാസുമുറികൾ കൂടി നിർമ്മിക്കുവാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രവർത്തി ഉടൻ തുടങ്ങുന്നതാണ്.

(ഡി) 2005 ജൂൺ മാസത്തിന് മുമ്പ് മാറ്റി സ്ഥാപിക്കാൻ കഴിയുമെന്ന് കരുതുന്നു.

പാട്യം ഗോപാലൻ മെമ്മോറിയൽ സ്കൂളിലെ ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം

37 [2254] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങളം നിയോജകമണ്ഡലത്തിലെ പാട്യം ഗോപാലൻ മെമ്മോറിയൽ പഞ്ചായത്ത് ഹൈസ്കൂളിലെ ജീവനക്കാർ നൽകിയ നിവേദനത്തിൽ ഇതുവരെയായി എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ജീവനക്കാരുടെ പ്രശ്നത്തിന് എന്നത്തേക്ക് പരിഹാരം കാണാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) പെരിങ്ങളം നിയോജകമണ്ഡലത്തിലെ പാട്യം ഗോപാലൻ മെമ്മോറിയൽ പഞ്ചായത്ത് ഹൈസ്കൂളിലെ ജീവനക്കാരെ സർക്കാർ സർവ്വീസിലേക്ക് ലയിപ്പിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

2005-06 സാമ്പത്തിക വർഷം എയ്ഡഡ്/അൺ എയ്ഡഡ് സ്കൂൾ അനുവദിക്കാൻ നടപടി

38 [2255] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-06 സാമ്പത്തിക വർഷം എയ്ഡഡ്/അൺ എയ്ഡഡ്/സർക്കാർ മേഖലയിൽ പുതിയ സ്കൂളുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly